64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ
തിയ്യതി....................
★ പ്രോഗ്രാം കമ്മിറ്റി ★

# കേരളീയ നവോത്ഥാനത്തിന്റെ കണ്ണാടിപ്രതിഷ്ഠം : തെളിയുന്ന മാനവികതയുടെ മൂല്യങ്ങൾ

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്"

കേരളീയ സമൂഹത്തെ ജാതിപിശാചിന്റെ കൈകളിൽനിന്ന് മുക്തമാക്കാൻ പ്രയത്നിച്ച നവോത്ഥാനനായകൻ ശ്രീനാരായണഗുരു അദ്ദേഹത്തിന്റെ അരുവിപ്പുറം പ്രതിഷ്ഠയിൽ രേഖപ്പെടുത്തിയ വാക്യങ്ങളാണിത്. കേരളീയ സമൂഹം എങ്ങനെയായിരിക്കണം എന്ന സ്വപ്നമാണ് അദ്ദേഹത്തിന്റെ വാക്യങ്ങളിൽ പ്രതിഫലിക്കുന്നത്. പശ്ചിമഘട്ടമലനിരകളുടെയും അറബിക്കടലിന്റെയും സമീപത്ത് നിലകൊള്ളുന്ന നമ്മുടെ കൊച്ചുകേരളത്തിന്റെ ചരിത്രം ചെറുത്തുനിൽപ്പുകളുടെയും ഉയിർത്തെഴുന്നേൽപ്പുകളുടെയും ചരിത്രം കൂടിയാണ്. ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ ജനവിഭാഗങ്ങൾ ഐക്യത്തോടെ ജീവിക്കുന്ന, ജാതീയമായ വിവേചനങ്ങൾ മറ്റ് നാട്ടിൽ

സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നണി ഒരു സംസ്ഥാനമായി കേരളം മാറിയത് മാനവികതയ്ക്ക് വളം ചേർത്തുകൊണ്ടാണ്. മാനവികതയിൽ മുളച്ച്, മാനവികതയിൽ ഇല വിരിച്ച്, മാനവികതയിൽ വേരുപടർത്തി പൂത്തുലഞ്ഞ ഒരു പ്രസ്ഥാനമാണ് കേരളീയ നവോത്ഥാനം.

'നവോത്ഥാനം' എന്ന പദത്തിന് പുനർജ്ജന്മം എന്നാണ് അർത്ഥം. പുത്തൻ ഉണർവ് എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചുവരുന്നത്. ഇറ്റലിയിലാണ് നവോത്ഥാനം എന്ന പ്രസ്ഥാനം രൂപം കൊണ്ടത്. ~~ഇരുണ്ട കാലഘട്ട യുഗമെന്ന്~~ ലോകചരിത്രത്തിൽ ഇരുണ്ടയുഗമെന്നറിയ-പ്പെടുന്ന മധ്യകാലഘട്ടത്തിന് വെളിച്ചമേ-കിക്കൊണ്ട് ഉദിച്ചുയർന്ന ഒരു സൂര്യനാണ് നവോത്ഥാനം. പ്രാചീന ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ പുരാതന ഗ്രീക്ക്-റോമൻ സംസ്കാരങ്ങളുടെ പുനരുജ്ജീവനമാണ് നവോത്ഥാനം. എന്നാൽ ആധുനിക ചരിത്രകാ-രന്മാരുടെ അഭിപ്രായത്തിൽ മനുഷ്യരാശിയുടെ

64-ാമത് കേരള സ്കൂൾ കലോത്സവം
പ്രോഗ്രാം കമ്മിറ്റി

ചലനഗതിയെത്തന്നെ മാറ്റിമറിച്ച ഒരു സാംസ്കാരിക- ധൈഷണിക പ്രസ്ഥാനമാണ് നവോത്ഥാനം.

നവോത്ഥാനത്തിന്റെ പ്രധാന സവിശേഷത മാനവികതയാണ്. മനുഷ്യന് പ്രാധാന്യം നൽകുന്ന കാഴ്ചപ്പാടിനെയാണ് 'മാനവികത' എന്നു വിളിക്കുന്നത്. കലയിലും സാഹിത്യത്തിലും മനുഷ്യജീവിതത്തിലും ആദ്യമേ പ്രതിഫലിച്ച ഒന്നാണ് മാനവികത. ഇറ്റാലിയൻ നവോത്ഥാനത്തിൽ അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തത്തോടെ സാഹിത്യകൃതികളുടെ എണ്ണത്തിൽ വർധനവുണ്ടായി. അതുവരെ ദൈവങ്ങളെയും മതത്തെയും രാജാക്കന്മാരെയും മാത്രം നോക്കിക്കൊണ്ടിരുന്ന അക്ഷരങ്ങൾ മുഖം തിരിച്ച് തെരുവോരങ്ങളിലും നടപ്പാതകളിലുമെല്ലാം വിയർക്കുന്നവരുടെ കണ്ണീര് ഒപ്പിയെടുക്കാൻ തുടങ്ങിയത് മാനവികത എന്ന ആശയത്തെ വളർത്തി. തിളക്കത്തിൽനിന്ന് വിയർപ്പിലേക്കുള്ളത് പതനമായിരുന്നില്ല, മറിച്ച് ഉയിർത്തെഴുന്നേൽപ്പായിരുന്നു എന്നതിന് കാലം സാക്ഷി. ചിത്രകലയിലും

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

യഥാർത്ഥവാദം (റിയലിസം) നിറഞ്ഞുനിൽക്കാൻ തുടങ്ങിയത് മാനവികതയുടെ ചുവടുപറ്റിയാണ്. ഒരു സമൂഹത്തെയാകെ മാറ്റിച്ചിന്തിപ്പിച്ചത് മാനവികതയാണ്.

കേരളീയ നവോത്ഥാനത്തിൽ മാനവികതയുടെ സ്വാധീനം പ്രകടമാണ്. മനുഷ്യൻ എന്ന നിലയിൽ ഓരോ വ്യക്തിയെയും നോക്കിക്കാണണമെന്ന ചിന്തയുടെ തുടക്കം ഈ കാലഘട്ടത്തിലാണ്. ~~മനുഷ്യന് ഉയർന്ന~~ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന മുദ്രാവാക്യം ഉയർത്തിയ ശ്രീനാരായണഗുരുവിന്റെ ചിന്തകൾ ജാതീയമായുള്ള മതിൽക്കെട്ടുകൾക്കുള്ളിലെ മനുഷ്യൻ എന്ന സ്വാതന്ത്ര്യത്തിലേക്കുള്ള ഉൾക്കാഴ്ചയാണ്. കണ്ണാടി പ്രതിഷ്ഠയിലൂടെ ഗുരു ഉണരാനാ-ഗ്രഹിച്ചത് മനുഷ്യനാണ് ~~അവരുടെ ഒരേ~~ മനുഷ്യന്റെ ദൈവം എന്ന സന്ദേശമാണ്. അതായത് ദിവ്യശക്തി കുടികൊള്ളുന്നത് മനസ്സുകളിലാണ് എന്ന ആശയം ഗുരു പകർന്നു നൽകി. ജാതിയിലൂടെ ~~അന്ധവിശ്വ~~ വേർതിരിക്കപ്പെട്ട സമൂഹത്തെ അന്ധവിശ്വാസ-

ങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും
മോചിപ്പിക്കാൻ ഗുരു പരിശ്രമിച്ചു.
ജാതി എന്ന വിഷം
കേരളത്തെ മലിനമാക്കിയിരുന്നു. മാനവികത-
യ്ക്ക് പ്രാധാന്യമുള്ള ഒരു സമൂഹത്തിൽ
ജാതിയുടെ പേരിലുള്ള വിവേചനങ്ങൾക്ക്
സ്ഥാനമില്ല എന്ന് തിരിച്ചറിഞ്ഞ നവോത്ഥാന
നായകന്മാർ അത്തരം വിവേചനങ്ങളെ എതിർ-
ത്തു. അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്ര
അധികാരശ്രേണിയെ വെല്ലുവിളിക്കലായിരു-
ന്നു. ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ,
വൈകുണ്ഠസ്വാമികൾ തുടങ്ങിയ നവോത്ഥാന
നായകന്മാർ ഒരേ കിണറ്റിൽനിന്ന് വെള്ളം
കുടിക്കാനും ഒരു പന്തിയിൽനിന്ന്
ഭക്ഷണം കഴിക്കാനും ഒരു ജനസ്സായ മനുഷ്യർ-
ക്ക് സാധിക്കുമെന്ന് ഉറച്ചുവിശ്വസിച്ചവരാണ്.
നവോത്ഥാനത്തിന്റെ പ്രധാന ആശയ-
ങ്ങളാണ് യുക്തിചിന്തയും ശാസ്ത്രാവബോധ-
വും. മാനവികതയ്ക്ക് ഉറപ്പുനൽകുന്നവ-
യാണവ. ഇറ്റാലിയൻ നവോത്ഥാനത്തിൽ
കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളെ തകിടം

മറിച്ചുകൊണ്ട് സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രം എന്ന് കോപ്പർനിക്കസ് വാദിച്ചത് ഒരു നാഴികക്കല്ലാണ്. കേരളീയ നവോത്ഥാനത്തിലും ശാസ്ത്രാവബോധത്തിന് പ്രാധാന്യം നൽകപ്പെട്ടിരുന്നു. നവോത്ഥാനനായകരിലൊരാളായ സഹോദരൻ അയ്യപ്പൻ രചിച്ച 'സയൻസ് ദശകം' എന്ന പുസ്തകത്തിൽ ശാസ്ത്രമാണ് സമൂഹത്തിന്റെ വളർച്ചയുടെ അടിസ്ഥാനം എന്ന് ~~ഉ~~ വിളംബരം ചെയ്യുന്നു. ഓരോ നവോത്ഥാന നായകന്മാരും കേരളീയ നവോത്ഥാനത്തിന് നൽകിയ സംഭാവനകൾ ~~കേരള~~ ~~[illegible]~~ ഡോ. കാർത്തികേയൻ നായരുടെ 'കേരളീയ നവോത്ഥാന ചരിത്രം' എന്ന കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്.

സ്ത്രീകൾ എതിരെ വിവേചനങ്ങൾ നേരിട്ടിരുന്ന ഒരു സമൂഹമായിരുന്നു നമ്മുടേത്. 'ഫെമിനിസം' എന്നത് ആധുനികസമൂഹത്തിന്റെ സൃഷ്ടിയാണ് എന്ന വാദം തെറ്റാണ്. കേരളത്തിൽ വിവേചനങ്ങൾക്കെതിരെ പോരാടിയവരിൽ

സ്ത്രീകളുടേമെറെയാണ്. ആറാട്ടുപുഴ വേലായുധ പണിക്കരുടെ നേതൃത്വത്തിൽ നടന്ന ചാന്നാർ ലഹള അഥവാ മാറുമറയ്ക്കൽ സമരത്തിന് ~~പങ്കെടുത്ത~~ നേതൃത്വം കൊടുത്ത നങ്ങേലി അർഹിക്കുന്ന പ്രാധാന്യം ലഭി~~ക്കു~~ച്ചിട്ടില്ലാത്ത ഒരു ചരിത്ര വനിതയാണ്. "പത്തൊൻപതാം നൂറ്റാണ്ട്", എന്ന ചലച്ചിത്രത്തിൽ ആ വ്യക്തിത്വത്തിന് ഊന്നൽ കൊടുക്കുന്നുവെങ്കിലും പലപ്പോഴും മുഖ്യധാരാ ചരിത്രരചനയിൽ വിസ്മരിക്കപ്പെട്ടുപോകുന്ന ഒരു പേരാണ് അവരുടേത്. കല്ലുമാല സമരം പോലെയുള്ള അനേകം സമരങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തോടെ നടന്നു. അന്തർജ്ജനങ്ങൾ പൊതുസമൂഹത്തിലെ വായു ശ്വസിക്കണമെന്ന ആഗ്രഹത്തോടെ നടത്തിയ സമരങ്ങളിലും അവർ ഉയർത്തിപ്പിടിച്ച തുല്യതയുടെയും മാനവികതയുടെയും ചിഹ്നങ്ങൾ കാണാവുന്നതാണ്.

കലയിലും മാനവികതയുടെ സ്വാധീനം പ്രകടമായിരുന്നു. വി.ടി. ഭട്ടതിരിപ്പാടു

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ തീയതി...................... പ്രോഗ്രാം കമ്മിറ്റി

രചിച്ച 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്'
എന്ന നാടകം ഒരു വിപ്ലവമായിരുന്നു.
സമൂഹത്തിന്റെ കണ്ണുതുറപ്പിച്ച കലാസൃ-
ഷ്ടിയായിരുന്നു അത്. പ്രേംജിയുടെ
'ഋതുമതി'യും ~~[illegible]~~ ചിന്താഗതിയിൽ മാറ്റങ്ങൾ
കൊണ്ടുവന്നു. എന്നാൽ ഒരു പരിമിതി
യോഗക്ഷേമനാടകങ്ങൾക്കുണ്ടായിരുന്നു.
വിവാഹത്തിലൂടെയാണ് ~~[illegible]~~ നാടകത്തിന്റെ
അന്ത്യത്തിൽ സ്ത്രീകൾ സ്വതന്ത്രരായിരുന്നത്.
എന്നാൽ ആദ്യമായി ഒരു സംഘം സ്ത്രീകൾ
ചേർന്ന് രചിച്ച 'തൊഴിലിടങ്ങളിലേക്ക്'
എന്ന നാടകം തൊഴിലിലൂടെയുള്ള
സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകു-
ന്നു. ~~മറ്റു സാഹിത്യരൂപങ്ങളിലും മനുഷ്യന്~~
~~പ്രാധാന്യം നൽകുന്ന, സാധാരണക്കാരന്റെ~~
~~ഭാഷയിൽ ഉറക്കെ സംസാരിക്കുന്ന~~
~~എഴുത്തുകൾ ഉയർന്നുവന്നു~~. നാടകത്തിന്റെ
രംഗത്ത് നവോത്ഥാനം കൊണ്ടുവന്ന മാറ്റങ്ങൾ
സി.എസ്. ചന്ദ്രികയുടെ 'മലയാള സ്ത്രീനാടക-
വേദി' എന്ന പുസ്തകത്തിൽ വിവരിക്ക-
പ്പെടുന്നു. മറ്റു സാഹിത്യരൂപങ്ങളിലും

മാനവികതയുടെ ദീപം ഉയർന്നുവന്നു. ക്ഷേത്രപ്രവേശനവിളംബരവും ദളിതർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കാനുള്ള അവസരം നൽകി. നവോത്ഥാനത്തിന്റെ ഫലമായി മതത്തിനും ജാതിക്കും ലിംഗത്തിനുമപ്പുറം 'മനുഷ്യൻ' എന്ന ആശയത്തിന് പ്രാധാന്യം ലഭിച്ചു. നവോത്ഥാനവും മാനവികതയും വർത്തമാനകാലത്ത് ചില പരിമിതികളെ നേരിടുന്നുണ്ട്. ഇന്നും ജാതിയുടെ പേരിലുള്ള വിവേചനം ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. ആദിവാസിയുവാവ് മധുവിന്റെ കൊലപാതകം കുറച്ചുവർഷങ്ങൾക്കുമുൻപ് നമ്മെ നടുക്കിയിരുന്നു. അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും കേരളീയ സമൂഹം മുക്തമല്ല. വളരെ കുറച്ച് വർഷങ്ങൾക്കുമുൻപ് കേരളത്തിൽ നടന്ന നരബലി പ്രബുദ്ധരെന്ന് അവകാശപ്പെടുന്ന നമ്മുടെ അഭിമാനത്തിന് കളങ്കമേൽപ്പിക്കുന്ന ഒന്നാണ്. മതസ്പർധയുടെ വിത്തുകൾ അവിടവിടെയായി മുളച്ചുപൊങ്ങുന്ന കാഴ്ച ഇന്ന് കാണാം.

സമൂഹമാധ്യമങ്ങളിലെ സൈബർ പോരാളിക-ളാണ് പ്രധാനമായും ഇതിന് വിത്തുപാകു-ന്നത്. മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കലർ-ത്തുന്ന രീതിയാണ് പ്രധാനമായും ഇതിന് കാരണമാകുന്നത്.

നിർമിതബുദ്ധിയുടെ കാലഘട്ട-ത്തിൽ മാനവികത എന്ന ആശയം ഏറെ ചർച്ചാവിധേയമാകേണ്ടതാണ്. ലോകമെമ്പാടു-മെന്നപോലെ കേരളത്തിലും നിർമിതബുദ്ധി-യുടെ സ്വാധീനം ഭീതിയും ആശങ്കയും ഒരുപോലെ ജനിപ്പിക്കുന്നു. ചാറ്റ് ജി.പി.ടി, ജെമിനി, മെറ്റ എ.ഐ പോലുള്ള ചാറ്റ് ബോട്ടുകൾ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക മാത്രമല്ല, കവിതയെഴുതുകയും ചിത്രം വരയ്ക്കുകയും പാട്ട് പാടുകയും ചെയ്യും. ഇവയുടെ സൃഷ്ടികൾ ശേഖരിച്ച ഉള്ളടക്കത്തിന്റെ ഒരുതരം പകർത്തിവയ്-ക്കലാണ്. സർഗാത്മകതയോ മനുഷ്യത്വമോ അതിൽ ദൃശ്യമല്ല. അൽഗോരിതങ്ങളുടെ തലച്ചോറ് ചുമന്ന് യന്ത്രങ്ങളായി മനുഷ്യർ ജീവിക്കുന്ന കാലം വിദൂരമല്ല. അതിനാൽ

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 944

Participant Code: 016

സർഗശക്തിയെന്ന നിധിയെ മുറുകെ പിടിച്ചുകൊണ്ട് നാം മുന്നോട്ട് നീങ്ങണം. മനുഷ്യരാശി സർഗ്ഗശക്തിയാകുന്ന കുതിരപ്പുറത്ത് യാത്ര ചെയ്താണ് മുന്നോട്ടുപോകുന്നതെന്ന് വയലാർ രാമവർമ്മ 'അശ്വമേധം' എന്ന കവിതയിൽ പറയുന്നു. നിർവികാരവ്യക്തിക്ക് വഴങ്ങാത്ത ഒരു അശ്വമേധം കേരളത്തിലും നടത്തേണ്ടിയിരിക്കുന്നു.

~~സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച ഒരു നാടിനെ കേരളത്തിന്റെ സ്വന്തം നാടായി~~

ജാതിയിലും മതത്തിലും വേർതിരിവുകളില്ലെന്ന് തെളിച്ച കേരളീയർ ഇന്ന് കേരളത്തിലെ പ്രധാന തൊഴിൽശക്തിയായ അതിഥിതൊഴിലാളികളെ വിവേചനത്തിന്റെ കണ്ണിലൂടെയാണ് കാണുന്നത്. നവോത്ഥാനത്തിന്റെ ഭാഗമായിരുന്ന മാനവികതയുടെ അന്തഃസത്തയിലെ ഉദാത്തമൂല്യങ്ങൾ ചോർന്നുപോയോ എന്ന് ഈ സമീപനം സംശയത്തിന്റെ നിഴൽ പടർത്തുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ച കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി ഉയർത്തിപ്പണിയലായിരുന്നു നവോത്ഥാനം. അതിൽ പ്രധാന പങ്ക് വഹിച്ചത് മാനവികത എന്ന ആശയമാണ്. എല്ലാത്തിനുമുപരി എല്ലാവരും മനുഷ്യരാണ് എന്ന ചിന്തയിലൂന്നി ജാതിവിവേചനത്തിന്റെയും സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിന്റെയും കൽപ്രതിമകളെ നാം തച്ചുടച്ചു. എങ്കിലും സ്ത്രീകൾ ഇന്നും പൂർണമായും സ്വതന്ത്രരല്ല. കുടുംബങ്ങളിലും തൊഴിലിടങ്ങളിലും ധാരാളം വിവേചനങ്ങൾ നേരിടുന്നു. ഇതുപോലെ ഇനിയും പൂർത്തീകരിക്കാൻ വിടവ് ബാക്കിയുള്ള ചില അധ്യായങ്ങൾ നവോത്ഥാനത്തിലുണ്ട്. ~~വഴിയിലെവിടെയോ ഉപേക്ഷ~~ നത്തിന്റെ ~~വഴികളിലെവിടെയോ ചോർന്ന~~ വികസനത്തിന്റെ വഴികളിലെവിടെയോ ചോർന്നുപോയ മാനവികതയുടെ ചെറുതുള്ളികളുണ്ട്. അവയെല്ലാം പെറുക്കിക്കൂട്ടി ഇനിയുമുണ്ടാകുന്ന മുറിവുകളിൽ മരുന്നായി പുരട്ടേണ്ടത് ഉത്ത-

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

Item Code: 944

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★ തിയ്യതി.....................

Participant Code: 016

തലമുറയാണ്. കേരളം നടന്നുവന്ന മാനവിക-
തയുടെ പാതകളിൽനിന്നും നവോത്ഥാന-
ത്തിന്റെ വേരുകളിൽനിന്നും പാഠമുൾക്കൊ-
ണ്ട് മനുഷ്യന് പ്രാധാന്യം നൽകുന്ന
സമത്വപൂർണ്ണമായ കേരളീയസമൂഹത്തിനായി
നമുക്ക് കൈകോർക്കാം.